## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1465 — 02.07.2015 ലെ മറുപടിയ്ക്ക്

**മിഷൻ 676-ൽ ഉൾപ്പെട്ട പ്രവാസിക്ഷേമ പദ്ധതികൾ**

ചോദ്യം — മറുപടി

ശ്രീ. എം.പി. വിൻസെന്റ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. വർക്കല കഹാർ
ശ്രീ. ആർ. സെൽവരാജ്

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മടങ്ങിവന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ച് 100 ദിവസത്തിനുള്ളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 50 സംരംഭകർക്കെങ്കിലും മൂലധന-പലിശ സബ്സിഡികളോടെ വായ്പ നൽകൽ. തുടർന്ന് ജില്ലകളിൽ ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ സംഘടിപ്പിച്ച്, സംരംഭകർക്ക് പരിശീലനം നൽകി, അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ പദ്ധതി നടപ്പിലാക്കൽ.<br>2. നോർക്ക റൂട്ട്സിന്റെ ഹെൽപ്പ് ഡെസ്ക് എല്ലാ ജില്ലകളിലും ആരംഭിക്കൽ. |
| (ബി) | ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | | |

| | | | |
|---|---|---|---|
| | | | 3. ഗൾഫ് രാജ്യങ്ങളിൽ ഒന്നാം ഘട്ടമായും മറ്റ് മേഖലയിൽ തുടർന്നും നോർക്ക അഡ്വൈസറി കമ്മിറ്റികളുടെ രൂപീകരണം.<br>4. ഗൾഫ് മേഖലയിലെ മലയാളികളായ ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചു കൂട്ടി മടങ്ങിവന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ജോലിക്കവസരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്ന പദ്ധതി.<br><br>5. പ്രവാസി ക്ഷേമനിധി നവീകരിക്കാനും കൂടുതൽ ആകർഷകമാക്കാനും 100 ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതി.<br><br>6. പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള പദ്ധതി.<br>7. സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കെടുപ്പിക്കാൻ ഫലപ്രദമായ നടപടികൾ 100 ദിവസത്തിനുള്ളിൽ സ്വീകരിക്കുന്ന പദ്ധതി.<br><br>8.വിദേശരാജ്യങ്ങളിൽ സാംസ്കാരിക വകുപ്പുമായി കൈകോർത്ത് പ്രവാസി കലാമേളകൾ സംഘടിപ്പിക്കൽ. |

| | | | |
|---|---|---|---|
| | | | 9. ഇന്ത്യൻ എംബസ്സികളുമായും പ്രവാസി സംഘടനകളുമായും സഹകരിച്ച് ഗൾഫിൽ നിസ്സാരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്ക് നിയമസഹായം നൽകാൻ നടപടികൾ സ്വീകരിക്കുന്ന പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി. |
| (സി) | പദ്ധതികളെ സംബന്ധിച്ചുളള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ; | (സി) യും (ഡി) യും | 1. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നോർക്ക, ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി പ്രകാരം ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനകം 915 സംരംഭകർക്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.<br><br>2. നോർക്ക റൂട്ട്സ് ഓഫീസുകളുളള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾക്ക് പുറമേ കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ, പാലക്കാട് ജില്ലകളിൽ നോർക്ക സെല്ലുകൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുളള ആലപ്പുഴ, വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ നോർക്ക സെല്ലുകൾ ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | 3. ഗൾഫ് രാജ്യങ്ങളിൽ നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br><br>4. വിദേശ മലയാളികളുടെ നിക്ഷേപം നിക്ഷേപ പദ്ധതികളിലൂടെ സർക്കാരിന് ഉപയോഗയോഗ്യമായ രീതിയിൽ ആകർഷിക്കുന്നതിലേയ്ക്കായി സർക്കാർ പ്രഖ്യാപിക്കുന്ന വികസന സംരംഭ പദ്ധതികളുടെ വിശദാംശങ്ങൾ നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റ്, നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ, ന്യൂസ് ലെറ്റർ, നോർക്ക അംഗീകൃത വിദേശ കേരളീയരുടെ സംഘടനകൾ തുടങ്ങിയവ മുഖേന പ്രവാസി മലയാളികൾക്കിടയിൽ വ്യാപക പ്രചരണം നൽകുന്നതിന് വേണ്ടുന്ന നടപടികൾ നോർക്ക റൂട്ട്സ് മുഖേന സ്വീകരിച്ചു വരികയാണ്. 2015 ജനുവരി 16 മുതൽ 17 വരെ സംഘടിപ്പിച്ച ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ (Global NRK meet) വിദേശ മലയാളി ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചു കൂട്ടുന്ന കാര്യം ചർച്ചാ വിഷയമായിരുന്നു. പ്രസ്തുത മീറ്റിൽ വിവിധ വികസന സംരംഭ പദ്ധതികളുടെ അവതരണവും നടത്തിയിരുന്നു.<br><br>5. പ്രവാസി ക്ഷേമനിധി നവീകരിക്കുന്നതിന്റെയും കൂടുതൽ ആകർഷകമാക്കുന്നതിന്റെയും ഭാഗമായി കേരള പ്രവാസി കേരളീയ ക്ഷേമനിധി |

| | | | |
|---|---|---|---|
| | | | അംഗങ്ങൾക്കായി വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി ആരംഭിച്ചു. 60 വയസ്സ് പൂർത്തിയാക്കുന്ന ക്ഷേമനിധിയിലെ അംഗങ്ങൾക്കായുള്ള പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. അംഗങ്ങളുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ഭവന വായ്പ പദ്ധതി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി പ്രവാസി ക്ഷേമനിധി ആകർഷകമാക്കാനുള്ള നിർദ്ദേശങ്ങൾക്ക് രൂപം നൽകി വരുന്നു. കൂടാതെ പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധി 60 വയസായി ഉയർത്തുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്.<br><br>6. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രവർത്തനമുണ്ട്. ഗുജറാത്തിലെ വിവിധ മേഖലകളിലും ഗോവ, കൊങ്കൺ, ഭിലായ്, ബാംഗ്ലൂർ, പൂനെ എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളായ യു.കെ, ബഹറിൻ, ഒമാൻ, യു.എസ്.എ എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഏകോപിത നടപടി നോർക്ക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br><br>7. 2015 ജനുവരി 16,17 തീയതികളിൽ നടന്ന ഗ്ലോബൽ എൻ.ആർ.കെ മീറ്റിൽ |

| | | | |
|---|---|---|---|
| | | | വിദേശ മലയാളികളെ സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ഉതകുന്ന ചർച്ചകൾ നടത്തിയിരുന്നു. വിദേശ മലയാളികളുടെ നിക്ഷേപം സർക്കാരിന്റെ നിക്ഷേപ പദ്ധതികളിലൂടെ ആകർഷിക്കുന്നതിലേയ്ക്കായി സർക്കാർ പ്രഖ്യാപിക്കുന്ന വികസന സംരംഭ പദ്ധതികളുടെ വിശദാംശങ്ങൾ പ്രവാസി മലയാളികൾക്കിടയിൽ വ്യാപക പ്രചാരണം നൽകുന്നതിന് വേണ്ടുന്ന നടപടികൾ നോർക്ക റൂട്ട്സ് മുഖേന സ്വീകരിച്ചിട്ടുണ്ട്.<br><br>8. വിദേശ രാജ്യങ്ങളിൽ പ്രവാസി കലാമേളകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.<br><br>9. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ദ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രതിപാദിച്ച രീതിയിൽ നടപ്പിലാക്കുന്നതിന് നിശ്ചിത അപേക്ഷ ഫാറത്തിന്റെ മാതൃക നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളോട് അവർ അംഗീകരിച്ച |

| | | | |
|---|---|---|---|
| | | | നിയമ വിദഗ്ദ്ധരുടെ പാനൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ